സമഗ്രവിദ്യാലയ വികസനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

എ.പി.എൽ.പി.സ്കൂൾ

പുതൂർക്കര

# ആമുഖം

പൊതു വിദ്യാലയങ്ങളെ അക്കാദമികവും ഭൗതികവും സാങ്കേതിക വുമായ ഉന്നതിയിലേക്ക് എത്തിക്കുന്നതിലൂടെ മാത്രമേ പൊതു വിദ്യാഭ്യാസ സംരക്ഷണം സാധ്യമാകൂ.സമഗ്ര ഗുണമേന്മാ വിദ്യാല യവികസന പദ്ധതി എന്ന ആശയം രൂപം കൊണ്ടതു തന്നെ പൊതു വിദ്യാലയങ്ങൾ മികവിന്റെ അക്കാദമിക കേന്ദ്രങ്ങളായി മാറണം എന്ന തിരിച്ചറിവിൽ നിന്നാണ്.പൊതു വിദ്യാലയങ്ങളെ സമസ്ത മേഖലകളിലും മികവുറ്റതാക്കുന്നതിനുള്ള ആസൂത്രണം വിദ്യാലയങ്ങളിൽ നിന്നു തന്നെയാണ് രൂപപ്പെട്ടുവരേണ്ടത്. ഇതുവഴി ഓരോ വിദ്യാലയത്തിന്റെയും പ്രാദേശിക ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നതിനും തദ്ദേശീയമായി ലഭ്യമായ വൈദ ഗ്ധ്യവും വിഭവവും ഉപയോഗപ്പെടുത്തുന്നതിനും കഴിയണം. ഇതിന് വിദ്യാലയത്തെ നന്നായി അറിയണം.

# PROFILE

| | | |
|---|---|---|
| Name of School | : | APLPS Puthurkkara |
| Revenue Village/ Ward | : | Thrissur West |
| Name of Cluster | : | GLPS Ayyanthole |
| Name of Corporation | : | Thrissur |
| Name of BRC | : | URC Thrissur |
| Name of District | : | Thrissur |
| Name of Head Mistress | : | VINNI A K |
| Phone No | : | 9447524655 |
| Email | : | glps28@puthurkkara.com |
| School code | : | 22635 |
| Total class room | : | 5 |
| Urinals | : | 3 |
| Total students including pre-primary | : | 43 |

# Class Wise Details of Students 2024-25

| No of Pupils | Pre-Primary | Std. I | Std II | Std III | Std IV | Total |
|---|---|---|---|---|---|---|
| Boys | 11 | 5 | 4 | 3 | 3 | 26 |
| Girls | 5 | 1 | 2 | 5 | 4 | 17 |
| Total | 14 | 6 | 6 | 8 | 7 | 43 |

# Details Of Teachers

| Sl.No. | Name Of Teachers | Post | Qualification |
|---|---|---|---|
| 1. | P.V.Girija | H.M | B.A, T.T.C Retired |
| 2. | Sowmya.K.S. | LPST | Plus-2, T.T.C |
| 3. | Bindu P.A | L.P.S.A | B.com , T.T.C |
| 4. | Shincy Cherian | PD.Tr | B.Sc , T.T.C |
| 1. | VINNI A K | HM | TTC, BEd. |

Pre- Primary Teachers : Sobha T.M

Pre – Primary Aya : ~~Omana Paul~~ Soumy.K.P.

Cook : Rajitha Murali

PTCM : Omana.T.L.

# വിദ്യാലയ ചരിത്രം

തൃശൂർ കോർപ്പറേഷൻ രൂപീകൃതമാകുന്നതിനു മുമ്പ് നിലനിന്നിരുന്ന അയ്യന്തോൾ പഞ്ചായത്തിലുൾപ്പെട്ട പുതൂർക്കര ദേശക്കാർക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് ആകെയുണ്ടായിരുന്ന ആശ്രയം അയ്യന്തോൾ സർക്കാർ വിദ്യാലയമായിരുന്നു. യാത്രാസൗകര്യം തീരെ കുറവായിരുന്ന അക്കാലത്ത് അയ്യന്തോൾ വരെ പോയി പഠിക്കുവാൻ കുട്ടികൾ ഏറെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. ആ അവസരത്തിലാണ് അന്നത്തെ അയ്യന്തോൾ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. ഇ.കെ. മേനോൻ അവർകൾ മുൻകയ്യെടുത്ത് പുതൂർക്കര കക്കാട് പുതൂര് മനയിലെ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടിനെ സമീപിച്ച് ദേശക്കാർക്കുവേണ്ടി ഒരു പ്രൈമറി വിദ്യാലയം തുടങ്ങാൻ സ്ഥലം ചോദിക്കുകയും അദ്ദേഹത്തിന്റെ അനുമതിയോടെ വിദ്യാലയ പ്രവർത്തനാരംഭം കുറിക്കുകയും ചെയ്തത്. ശ്രീ. ഇ.കെ. മേനോൻ തന്റെ മകനായ രാജനെ ഈ വിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥിയായി ചേർത്തുകൊണ്ടാണ് അയ്യന്തോൾ പഞ്ചായത്ത് ലോവർ പ്രൈമറി സ്കൂൾ എന്ന വിദ്യാലയം ആരംഭിച്ചത്.

1962ൽ കച്ചീട്ട് പ്രകാരം തൃശൂർ താലൂക്ക് അയ്യന്തോൾ വില്ലേജ് പുതൂർക്കര ദേശത്ത് കക്കാട് പുതൂര് മനക്കാരുടെ കയ്യിൽനിന്നും അയ്യന്തോൾ പഞ്ചായത്ത് വാങ്ങിയ 1207 സർവ്വേ നമ്പറിൽ 34 സെന്റ് കുളവും 1208 സർവേ നമ്പറിൽ ഒരു ഏക്കർ 46 സെന്റ് സ്ഥലവും കൂടി ആകെ 180 സെന്റിലാണ് ഈ സ്കൂൾ ആരംഭിച്ചത്. 3-6-1968ൽ 1-ാം ക്ലാസ് ആരംഭിച്ചു. തുടർന്നുള്ള ഓരോ വർഷങ്ങളിലായി 2, 3, 4 ക്ലാസുകളും ആരംഭിച്ചു.

ഓലഷെഡ്ഡിൽ പ്രവർത്തനം ആരംഭിച്ച വിദ്യാലയം കത്തുകയോ കത്തിക്കപ്പെടുകയോ ഉണ്ടായി. തുടർന്ന് 1969-ൽ രണ്ടു ബ്ലോക്കുകളും ഒരു പാചകപ്പുരയുമടങ്ങുന്ന ഓടുമേഞ്ഞ കെട്ടിടം പണിയുകയും വിദ്യാലയം അവിടെ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

ഈ വിദ്യാലയത്തിലെ ആദ്യ പ്രധാന അധ്യാപകനായിരുന്നു അൻഡ്രൂസ് ആലപ്പാട്ട് മാസ്റ്റർ. പ്രധാന അദ്ധ്യാപകന്റെയും സഹപ്രവർത്തകരുടെയും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ പ്രമുഖരായ ഇ.കെ. മേനോനെപ്പോലുള്ള സുമനസ്സുകളുടെയും

കൂട്ടായ പ്രവർത്തനഫലമായി സ്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചുപോന്നു. അന്നത്തെ പ്രധാന അധ്യാപകനായിരുന്ന ആൻഡ്രൂസ് ആലപ്പാട്ട് മാസ്റ്റർക്ക് ദേശീയ അധ്യാപക അവാർഡും വിദ്യാലയത്തിന് 'ബെസ്റ്റ് സ്കൂൾ' പുരസ്കാരവും ലഭിച്ചി ട്ടുണ്ട്.

1988-ൽ പ്രീ-പ്രൈമറി ക്ലാസ് പ്രവർത്തനം ആരംഭിച്ചു. ആദ്യകാലങ്ങളിൽ സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയം കാലക്രമേണ ശോച്യാ വസ്ഥയിലേക്ക് നീങ്ങി. മലയാള ഭാഷാപഠനത്തോടും പൊതുവിദ്യാലയങ്ങളോടു മുള്ള ജനങ്ങളുടെ മനോഭാവത്തിലുണ്ടായ മാറ്റം മറ്റു വിദ്യാലയങ്ങളെയെന്നപോലെ ഈ വിദ്യാലയത്തെയും ബാധിച്ചു. വിദ്യാലയത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥി കളുടെ എണ്ണത്തിൽ കുറവ് വന്നു.

2000-ാംമാണ്ടിൽ തൃശൂർ കോർപ്പറേഷൻ രൂപീകൃതമായപ്പോൾ അയ്യന്തോൾ പഞ്ചായത്തും കോർപ്പറേഷനിൽ ലയിച്ചു. അന്നുമുതൽ തൃശൂർ കോർപ്പറേഷൻ സ്കൂളായി പ്രവർത്തിച്ചുവരുന്നു. 2012-ൽ എല്ലാ പഞ്ചായത്ത് സ്കൂളുകളെയും സർക്കാർ ഏറ്റെടുത്ത കൂട്ടത്തിൽ ഈ വിദ്യാലയത്തെയും ഗവൺമെന്റ് സെക്ടറാ ക്കി. എന്നിരുന്നാലും എ.പി.എൽ.പി.എസ്. പുതൂർക്കര എന്ന പേര് ഇതുവരെയും ജി.എൽ.പി.എസ്. പുതൂർക്കര എന്നാക്കി മാറ്റിയിട്ടില്ല. കോർപ്പറേഷനിൽ അതിനുള്ള അപേക്ഷ കൊടുത്തിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

ഈ വിദ്യാലയത്തിൽ നിലവിലുണ്ടായിരുന്ന അധ്യാപകർ ഒരുമിച്ച് വിരമിച്ച തോടെ സ്വകാര്യ വിദ്യാലയങ്ങളിലെ സംരക്ഷിത അധ്യാപകരുടെ സംരക്ഷണ സ്ഥാപനമായി ഈ വിദ്യാലയം മാറിയത് വിദ്യാർത്ഥികളുടെ പഠനത്തെയും കാര്യ മായി ബാധിച്ചു. തുടർച്ചയായുള്ള അധ്യാപകരുടെ സ്ഥലമാറ്റം കുട്ടികളെ കുറച്ചൊ ന്നുമല്ല ബാധിച്ചത്. രക്ഷിതാക്കൾക്ക് തുടർന്ന് കുട്ടികളെ വിദ്യാലയത്തിൽ പഠിപ്പി ക്കാൻ താല്പര്യമില്ലാത്ത അവസ്ഥയിലായി.

പുതൂർക്കര ചാത്തൻകുളങ്ങര ക്ഷേത്രവും വിദ്യാലയവും ഒരേ കോമ്പൗണ്ടിൽ അതിരുകളില്ലാതെ സ്ഥിതിചെയ്യുന്നത് ഒരുപാട് പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്. ക്ഷേത്രമൈതാനവും സ്കൂൾ മൈതാനവും ഒന്നായതിനാൽ നാട്ടുകാർ യാതൊരു പരിധികളുമില്ലാതെ അവരുടെ കളിസ്ഥലമായി ഉപയോഗിക്കുന്നത് സ്കൂൾ കെട്ടി ടത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഫുട്ബോൾ അടിച്ച് എന്നും ഓടുകൾ പൊട്ടുകയും വാതിൽപ്പലകകൾ പൊളിയുകയും സ്ഥിരമായി സംഭവിക്കുന്നു. കൂടാതെ സമൂഹവിരുദ്ധരുടെ ശല്യവും വളരെക്കൂടുതലാണ്.

ഈ വിദ്യാലയത്തിലെ പ്രീ-പ്രൈമറി വിഭാഗത്തിൽ പഠിക്കുന്ന കുട്ടികളാണ് ഒന്നാം ക്ലാസിലേക്ക് പ്രവേശനം തേടിവരുന്നവരിലേറെയും. എന്നാൽ കഴിഞ്ഞ നാലഞ്ച് വർഷമായി പ്രീ-പ്രൈമറിയിലെ അധ്യാപിക ലീവെടുത്ത് ഗൾഫിൽ പോവുകയും നിലവിൽ 'ആയ'യുടെ സേവനം മാത്രം ലഭ്യമാവുകയും ചെയ്യുന്ന അവസ്ഥയാണിപ്പോഴുള്ളത്. അധ്യാപികയെ ഇതേവരെ നിയമിക്കാത്തതിനാൽ കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു.

കുടിവെള്ള സൗകര്യത്തിന് നിലവിൽ ആഴ്ചയിൽ രണ്ടുപ്രാവശ്യം മാത്രം വരുന്ന കോർപ്പറേഷൻ വെള്ളമാണ് ഉപയോഗിക്കുന്നത്.

വിദ്യാലയത്തിലെ ആദ്യത്തെ പ്രധാനാധ്യാപകനായിരുന്ന ശ്രീ. ആൻഡ്രൂസ് ആലപ്പാട്ട് മാസ്റ്റർ 30-5-1997ൽ സർവ്വീസിൽനിന്ന് വിരമിക്കുകയും അതിനുപകരം അദ്ദേഹത്തിന്റെ ഭാര്യയും അവിടത്തെ അധ്യാപികയുമായ ശ്രീമതി പുഷ്പ ടീച്ചർ 1-6-1997ൽ ചാർജ്ജെടുക്കുകയും ചെയ്തു. 31-3-2002ൽ ശ്രീമതി പുഷ്പ ടീച്ചർ വിരമിച്ചതിനെ തുടർന്ന് ശ്രീ. സ്റ്റോയി ടി. മുട്ടത്ത് പ്രധാനാധ്യാപകനായി ചാർജ്ജെടുത്തു. 14-11-2002ൽ അദ്ദേഹം സ്ഥലം മാറി പോവുകയും ശ്രീമതി ടി.വി. രമ ടീച്ചർ പ്രധാനാധ്യാപികയാവുകയും ചെയ്തു. 31-3-2003ൽ ടീച്ചറുടെ സ്ഥലംമാറ്റത്തെ തുടർന്ന് ശ്രീ. സാബിനസ് വൈ. പുറത്തൂർ തൽസ്ഥാനം ഏറ്റെടുത്തു. ദേശീയ അധ്യാപക അവാർഡ് നേടിയ ശ്രീ. ആൻഡ്രൂസ് ആലപ്പാട്ട് ഹെഡ്മാസ്റ്ററായിരുന്ന കാലത്തെ സ്കൂളിന്റെ സുവർണകാലഘട്ടമെന്നു പറയാം.

നിലവിൽ 4 അധ്യാപകരും 43 കുട്ടികളുമാണ് (നഴ്സറി അടക്കം) വിദ്യാലയത്തിലുള്ളത്.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഈ വിദ്യാലയത്തെ മാതൃകാ വിദ്യാലയമായി മാറ്റുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അക്കാദമിക നിലവാരം ഉയർത്തുകയും അതിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് കൂട്ടായ്മയോടെ പ്രവർത്തിക്കുകയാണ്.

## ഉദ്ദേശ്യങ്ങൾ

* കുട്ടികളുടെ സമഗ്രവികസനത്തിനുതകുംവിധം മെച്ചപ്പെട്ട പഠനാന്തരീക്ഷം ലഭ്യമാകുന്നതിന് സഹായകമായ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിന്
* സമഗ്രമായ ശുചിത്വ ആരോഗ്യശീലങ്ങൾ വളർത്തുന്നതിനും സമഗ്രമായ പോഷകാഹാരലഭ്യത ഉറപ്പുവരുത്തുന്നതിനും
* അറിവ് നിർമ്മാണത്തിന്റെ ഭാഗമായി ലൈബ്രറി, ലബോറട്ടറി, ഐ.ടി. ലാബ് സജ്ജമാക്കുന്നതിന്
* വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനായി സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്
* പ്രീ-പ്രൈമറി ആധുനികവത്കരണം
* ശാസ്ത്രാഭിരുചി വളർത്തലും സ്വയം പ്രവർത്തന സ്വാതന്ത്ര്യം നൽകലും
* ശുദ്ധമായ കുടിവെള്ള സൗകര്യം
* സമ്പൂർണ്ണ സുരക്ഷ
* ശിശുസൗഹൃദ വിദ്യാലയം
* മികച്ച കായിക പ്രകടന സൗകര്യം ഒരുക്കൽ
* പ്രകൃതിയെ വിദ്യാലയത്തോട് ചേർത്ത് നിർത്തുക

## ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

### മേഖല

### I. ഭൗതികം

### ഉപമേഖല

എ) വിദ്യാലയ പരിസരം

* ഓഫീസ്, സ്റ്റാഫ് റൂം പുതുക്കിപ്പണിയൽ.
* ജീർണിച്ച കെട്ടിടങ്ങൾ പുതുക്കിപ്പണിയൽ
* ടൈൽ പാകിയ ക്ലാസ് മുറികൾ, വരാന്ത

* ക്ലാസ് മുറികൾ സീലിങ്ങ് ചെയ്യൽ
* സുരക്ഷിതമായ മേൽക്കൂര
* ക്ലാസ് മുറികളിലെയും ഓഫീസിലെയും സമ്പൂർണ്ണ വൈദ്യുതീകരണം - ഫാൻ, ലൈറ്റ് തുടങ്ങിയ സൗകര്യങ്ങൾ
* ലൈബ്രറി നവീകരണം, ലൈബ്രറി റൂം ഫർണീച്ചറടക്കം തയ്യാറാക്കൽ
* ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര ലാബുകൾ തയ്യാറാക്കൽ
* ജലലഭ്യതയ്ക്കായി ഒരു കുഴൽക്കിണർ നിർമ്മിക്കൽ/ടാപ് സൗകര്യം - കുട്ടികൾക്ക് വാഷിംഗ് ഏരിയ, കൂടാതെ കുടിവെള്ള സൗകര്യത്തിനായി വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കൽ

**മേഖല അക്കാദമികം**

**ഉപമേഖല : വായനാ വസന്തം - സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം**

* ഇടവേളകളിലെ വായനാ പരിപോഷണത്തിനായി ദിനപത്രങ്ങൾ, വീക്കിലികൾ, മാസികകൾ, ബാലമാസികകൾ, മറ്റ് ആനുകാലികങ്ങൾ, പതിപ്പുകൾ എന്നിവ ഉറപ്പുവരുത്തുന്നതോടൊപ്പം അതിനായി സമയവും കണ്ടെത്തുന്നു.
* ക്ലാസ്സ്റൂം ലൈബ്രറി - ഓരോ ക്ലാസിന്റെയും വായനാ നിലവാരമനുസരിച്ചുള്ള വായന സാമഗ്രികൾ ഒരുക്കി തയ്യാറാക്കിയ ക്ലാസ്തല ലൈബ്രറി
* കുട്ടി ലൈബ്രേറിയന്മാരുടെ നേതൃത്വത്തിലുള്ള പുസ്തക വിതരണം
* ഒന്നിടവിട്ട ആഴ്ചകളിൽ സർഗമേള - ലൈബ്രറി പിരീഡ് - പുസ്തകാസ്വാദനം, സാഹിത്യക്വിസ്, രചനാ മത്സരങ്ങൾ
* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ
* സാഹിത്യ ശിൽപശാല - കെ.എസ്.ടി.എ.
* ഓരോ ടേമിലും കയ്യെഴുത്തുമാസിക തയ്യാറാക്കലും അത് പ്രസിദ്ധീകരിക്കലും
* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠന പരിപോഷണം
* ശാസ്ത്ര പോഷണ പരിപാടി

* പഠനയാത്രകൾ
* കലാകായിക മേള
* ഐ.ടി. പരിശീലനം
* അധ്യാപക ശാക്തീകരണ പരിപാടികൾ
* ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
* കോർണർ പി.ടി.എ.
* പി.ടി.എ. ശാക്തീകരണം
* ശാസ്ത്രാഭിരുചി വളർത്തൽ
* അഭിമുഖങ്ങൾ
* ഗണിതലാബ്, ഭാഷാലാബ്, ശാസ്ത്രലാബ്
* ദിനാചരണം

**മേഖല – സാമൂഹികം**

* പി.ടി.എ. ശക്തിപ്പെടുത്തൽ
* എസ്.എം.സി., എസ്.എസ്.ജി. കാര്യക്ഷമമാക്കൽ
* വിവിധ സംഘടനകൾ, സന്നദ്ധ സഹായ സംഘങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, പ്രമുഖ വ്യക്തികൾ എന്നിവരുടെ സഹായം ഉറപ്പുവരുത്തൽ
* പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പിന്തുണ
* പൂർവ്വാധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ, വ്യവസായ ഗ്രൂപ്പുകൾ എന്നിവരുടെ സഹായസഹകരണം അഭ്യർത്ഥിക്കൽ
* വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
* വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ
* കലാമേള, സ്പോർട്സ്, ശാസ്ത്രമേള, ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾ, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, സ്കൂൾ വാർഷികം എന്നിവയെ സമൂഹവുമായി കൂട്ടിയിണക്കൽ

ബി) ഉപമേഖല : 2 – പോഷകാഹാര വിതരണം

* ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള. ലൈറ്റും ഫാനും ഫർണീച്ചറടക്കമുള്ള ഡൈനിംഗ് ഹാൾ, അടുക്കള ഉപകരണങ്ങൾ.

സി) ഉപമേഖല : 3 – ശുചിത്വം

* ടോയ്‌ലറ്റ് – ചൈൽഡ് ഫ്രന്റ്‌ലി – എല്ലാ സൗകര്യങ്ങളുമുള്ളത്.

ഒരു അഡാപ്റ്റഡ് ടോയ്‌ലറ്റും

ഗേൾസ് ഫ്രന്റ്‌ലി ടോയ്‌ലറ്റ്

* ക്ലാസ് മുറികൾക്ക് പുറത്ത് വേസ്റ്റ് ബിൻ, പാദരക്ഷകൾ സൂക്ഷിക്കാൻ സ്റ്റാന്റ്, ക്ലാസ്മുറിക്ക് പുറത്ത് കയർ മാറ്റ്, അകത്ത് തുണിയുടെ ചവിട്ടി

ക്ലാസ് മുറികളിലേക്ക് വെവ്വേറെ ചൂലും വാഷിംഗ് മോപ്പും.

ഡി) ഉപമേഖല : വൈദ്യുതീകരണം

* എല്ലാ ക്ലാസ്മുറിയിലും ഓഫീസിലും മറ്റും മൊത്തം വൈദ്യുതീകരണം നടത്തൽ – ഫാൻ, ട്യൂബ് ലൈറ്റ് തുടങ്ങിയ സൗകര്യങ്ങൾ

ഇ) ഉപമേഖല : സീലിംഗ്

* മൊത്തം ക്ലാസ്മുറികൾ സീലിംഗ് ചെയ്യൽ

എഫ്) ഉപമേഖല : ഐ.ടി. ലാബ് – സ്മാർട്ട് ക്ലാസ്റൂം

ഡെസ്ക്ടോപ്പുകൾ, ലാപ്ടോപ്പുകൾ, ലേസർ കളർ പ്രിന്റർ, സ്കാനർ, കമ്പ്യൂട്ടർ ടേബിൾ, ചെയർ, സ്മാർട്ട് ബോർഡ്, എൽ.സി.ഡി. പ്രൊജക്ടർ, എൽ.സി.ഡി. ടി.വി. എല്ലാ ക്ലാസ്സുകളിലേക്കും എന്നിവ അടക്കമുള്ള സ്മാർട്ട് ക്ലാസ്റൂം ഒരുക്കൽ.

ജി) ഉപമേഖല : ജൈവ വൈവിധ്യ പാർക്ക്

താമരക്കുളം അടക്കമുള്ള ശലഭോദ്യാനം കൂടി ആകാൻ സാധ്യതയുള്ള ജൈവ വൈവിധ്യ പാർക്ക് – ഗ്രിൽ ചെയ്ത് അടച്ചുറപ്പാക്കിയത്.

എച്ച്) ഉപമേഖല : ലാബ് സജ്ജീകരണം

ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഭാഷാ സംവിധാനങ്ങളോടുകൂടിയ ലാബ് സജ്ജീകരിക്കൽ. സ്വതന്ത്ര പരീക്ഷണങ്ങൾക്കുള്ള സാധ്യത.

**ഐ) ഉപമേഖല : പ്ലേ സ്റ്റേഷൻ**

സീസോ, ഊഞ്ഞാൽ, മെരി ഗോ റൗണ്ട്, റൗണ്ട് ചെയർ, സ്ലൈഡർ, മറ്റ് കളിയുപകരണങ്ങൾ അടക്കമുള്ള അടച്ചുറപ്പും ഗ്ലില്ലുമുള്ള പ്ലേ സ്റ്റേഷൻ

**ജെ) മൈക്ക് സെറ്റ്, സ്പീക്കർ സംവിധാനം**

**കെ) അപ്സ്റ്റെയർ ബിൽഡിംഗ്**

ഒരു ഹാൾ സൗകര്യം ഉറപ്പുവരുത്താവുന്ന വിധത്തിൽ അപ്സ്റ്റെയർ ബിൽഡിംഗ്

**എൽ) പെയിന്റിംഗ് - ശിശു സൗഹൃദ മാതൃകയിൽ**

# വിദ്യാലയ പരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | എസ്റ്റിമേറ്റ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ആകർഷകവും സൗകര്യ പ്രദവുമായ ശിശു സൗഹൃദ വിദ്യാലയം | വരാന്ത ഗ്രിൽ ഇടൽ, ജീർണിച്ച കെട്ടിടങ്ങൾ പുതുക്കി പ്പണിയൽ, ടൈൽ പാകിയ ക്ലാസ് മുറികൾ, വരാന്ത, ഓഫീസും ക്ലാസ് മുറികളും സീലിംഗ് ചെയ്യൽ, സുരക്ഷിതമായ മേൽക്കൂര, ക്ലാസ് മുറികളിലെയും ഓഫീസിലെയും സമ്പൂർണ്ണ വൈദ്യുതീകരണം - ഫാൻ, ലൈറ്റ് തുടങ്ങിയ സൗകര്യങ്ങൾ, ലൈബ്രറി നവീകരണം, ലൈബ്രറി നവീകരണം, ലൈബ്രറി റൂം ഫർണീച്ചറടക്കം തയ്യാറാക്കൽ, ശാസ്ത്ര, സാമൂഹ്യശാസ്ത്ര ഗണിതശാസ്ത്ര ലാബുകൾ തയ്യാറാക്കൽ, ജല ലഭ്യതയ്ക്കായി ഒരു കുഴൽക്കിണർ നിർമിക്കൽ, ടാപ് സൗകര്യം, കുട്ടികൾക്ക് വാഷിംഗ് ഏരിയ, കൂടാതെ കുടിവെള്ള സൗകര്യത്തിനായി വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കൽ | 2023 ഒക്ടോബർ മുതൽ 2028 സെപ്തംബർ വരെ | H.M.<br>PTA<br>SMC<br>SSG<br>OSA | 26,00,000 | കോർപ്പറേഷൻ ഫണ്ട്<br>എം.എൽ.എ. ഫണ്ട്<br>എം.പി. ഫണ്ട് |
| വൃത്തിയുള്ള അന്തരീക്ഷ ത്തിൽ പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിന് | **പോഷകാഹാര വിതരണം**<br>ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള, വെളിച്ചവും വൃത്തിയും പ്രസരിപ്പുമുള്ള അടുക്കള, ലൈറ്റും ഫാനും ഫർണീച്ചറുമടക്കമുള്ള ഡൈനിംഗ് ഹാൾ, മിക്സി, കുക്കർ തുടങ്ങിയവ അടക്കമുള്ള അടുക്കള ഉപകരണങ്ങൾ | 2023 ഒക്ടോബർ മുതൽ 2024 മാർച്ച് വരെ | HM<br>Noon feeding committee<br>PTA<br>SMC<br>SSG | 35,00,000 | എം.എൽ.എ.<br>എം.പി. ഫണ്ട്<br>ഒ.എസ്.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | എസ്റ്റിമേറ്റ് | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| ശുചിത്വമുള്ള വിദ്യാലയം | **ശുചിത്വം**<br>ടോയ്‌ലറ്റ് - ചൈൽഡ് ഫ്രന്റ്‌ലി - എല്ലാ സൗകര്യങ്ങളുമുള്ളത്, ഗേൾസ് ഫ്രന്റ്‌ലി ടോയ്‌ലറ്റ്<br>ഒരു അഡാപ്റ്റഡ് ടോയ്‌ലറ്റ്<br>ക്ലാസ് മുറികൾക്ക് പുറത്ത് വേസ്റ്റ് ബിൻ, പാദരക്ഷകൾ സൂക്ഷിക്കാൻ സ്റ്റാന്റ്, ക്ലാസ് മുറിക്ക് പുറത്ത് കയർ മാറ്റ്, അകത്ത് തുണിയുടെ ചവിട്ടി, ക്ലാസ് മുറികളിലേക്ക് വെവ്വേറെ ചൂലും, വാഷിങ്ങ് സോപ്പും, വാഷിങ്ങ് ലോഷൻ, തുടങ്ങിയവ | 2022 ജൂൺ മുതൽ 2024 മാർച്ച് വരെ | HM<br>Teachers<br>PTA<br>SMC<br>SSG | 5,50,000 | എം.എൽ.എ. ഫണ്ട്<br>എസ്.എസ്.എ. ഫണ്ട് |
| ആധുനിക സൗകര്യങ്ങളോടുകൂടിയ വിദ്യാലയം | **വൈദ്യുതീകരണം**<br>എല്ലാ ക്ലാസ് മുറികളിലും ഓഫീസിലും മറ്റും മൊത്തം വൈദ്യുതീകരണം നടത്തൽ - ഫാൻ, ട്യൂബ്, ലൈറ്റ് സൗകര്യങ്ങൾ, സ്മാർട്ട് റൂമിനാവശ്യമായ വയറിംഗ് എല്ലായിടത്തും, മൈക്ക് സെറ്റ്, സ്പീക്കർ സംവിധാനം | 2022 ഒക്ടോബർ മുതൽ 2024 സെപ്തംബർ വരെ | HM<br>Teachers<br>PTA<br>SMC<br>SSG | 3,00,000 | കോർപ്പറേഷൻ ഫണ്ട്<br>എം.എൽ.എ. ഫണ്ട് |
| സ്മാർട്ട് ക്ലാസ് | **സീലിംഗ്**<br>മൊത്തം ക്ലാസ് മുറികൾ സീലിംഗ് ചെയ്യൽ | 2022 ഒക്ടോബർ മുതൽ 2024 മാർച്ച് | HM<br>PTA<br>SMC<br>SSG | 2,00,000 | എം.എൽ.എ. ഫണ്ട്<br>എം.പി. ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | എസ്റ്റിമേറ്റ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കുടിവെള്ളം | **കുഴൽക്കിണർ** | വരെ 2024 ഡിസംബർ | | 1,50,000 | |
| വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനം | **ഐ.ടി.ലാബ്, സ്മാർട്ട് ക്ലാസ്റൂം**<br>ഡെസ്ക്ടോപ്പുകൾ, ലാപ്ടോപ്പുകൾ, ലേസർ കളർ പ്രിന്റർ സ്കാനർ, കമ്പ്യൂട്ടർ ടേബിൾ, ചെയർ, സ്മാർട്ട് ബോർഡ് എൽ.സി.ഡി. പ്രൊജക്റ്റർ, എൽ.സി.ഡി. ടി.വി. എല്ലാ ക്ലാസ്മുറികളിലും എന്നിവ അടക്കമുള്ള ക്ലാസ്റൂം ഒരുക്കൽ | 2022 ഒക്ടോബർ മുതൽ 2024 മാർച്ച് വരെ | HM<br>PTA<br>SMC<br>SSG | 11,55,000 | എം.എൽ.എ. ഫണ്ട്<br>കോർപ്പറേഷൻ ഫണ്ട് |
| പരീക്ഷണ നിരീക്ഷണങ്ങളിലൂടെയുള്ള പഠനം | **ലാബ് സജ്ജീകരണം**<br>ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര-ഭാഷാ ലാബുകൾ സജ്ജീകരിക്കൽ-സ്വതന്ത്ര പരീക്ഷണ സാധ്യത | 2022 ഒക്ടോബർ മുതൽ 2024 മാർച്ച് വരെ | HM<br>PTA<br>SMC<br>SSG | 1,50,000 | എസ്.എസ്.എ. ഫണ്ട്<br>കോർപ്പറേഷൻ ഫണ്ട്<br>എം.എൽ.എ. ഫണ്ട് |
| പ്രകൃതിയെ അടുത്തറിഞ്ഞുള്ള പഠനം | **ജൈവ വൈവിധ്യ പാർക്ക്**<br>താമരക്കുളം അടക്കമുള്ള ശലഭോദ്യാനം കൂടി ആകാൻ സാധ്യതയുള്ള വിവിധ സസ്യജാലങ്ങളടങ്ങിയ ജൈവ വൈവിധ്യ പാർക്ക് ഗ്രില്ലിട്ട് അടച്ചുറപ്പാക്കിയത് | 2022 ജൂൺ മുതൽ 2024 ജൂൺ വരെ | HM<br>PTA<br>SMC<br>SSG | 10,00,000 | എസ്.എസ്.എ. ഫണ്ട്<br>സ്റ്റാഫ് ഫണ്ട്<br>എം.എൽ.എ. ഫണ്ട്<br>ഒ.എസ്.എ.ഫണ്ട് |

| ESTIMATE | |
|---|---|
| **Particulars** | **Estimate Amount** |
| വരാന്ത ഗ്രിൽ | 2,00,000 |
| സീലിംഗ് | 2,00,000 |
| കുഴൽക്കിണർ/ടാപ് | 1,50,000 |
| അടുക്കള/ഡൈനിംഗ് ഹാൾ | 35,00,000 |
| ടോയ്ലറ്റ് | 5,50,000 |
| വൈദ്യുതീകരണം | 3,00,000 |
| ശാസ്ത്ര ലാബ് | 1,50,000 |
| ജൈവ വൈവിധ്യ പാർക്ക് കമ്പിവേലി അടക്കം | 10,00,000 |
| പ്ലേ സ്റ്റേഷൻ | 5,00,000 |
| അപ്സ്റ്റെയർ ബിൽഡിംഗ് അടക്കം കെട്ടിട നവീകരണം | 58,61,200 |
| പെയിന്റിംഗ് | 5,00,000 |
| വാട്ടർ പ്യൂരിഫയർ | 1,00,000 |
| ക്ലാസ്റൂം ഷെൽഫ് | 2,40,000 |
| വാതിൽ, ജനല - എല്ലാ ക്ലാസ്മുറികൾക്കും | 2,00,000 |
| കമ്പ്യൂട്ടർ - 5 | 2,50,000 |
| ലാപ്ടോപ് - 4 | 1,60,000 |
| എൽ.സി.ഡി. പ്രൊജക്റ്റർ - 1 | 60,000 |
| കളർ പ്രിന്റർ | 35,000 |
| എൽ.സി.ഡി. ടി.വി. - 4 | 2,00,000 |
| കമ്പ്യൂട്ടർ ടേബിൾ, ചെയർ, അനുബന്ധ സാമഗ്രികൾ | 2,50,000 |
| സ്മാർട്ട് ക്ലാസ് അറേഞ്ച്മെന്റ്സ് | 2,00,000 |
| ആകെ | 1,46,06,200 |

# പ്രതീക്ഷ തരുന്ന നേട്ടങ്ങൾ

## അക്കാദമികം

2019-20 അധ്യയനവർഷത്തിൽ ഒന്നാം ക്ലാസിലേക്കും നഴ്സറിയിലേക്കും അഡ്മിഷൻ വർദ്ധിച്ചിട്ടുണ്ട്. ഒരുതരത്തിൽ അക്കാദമിക നേട്ടം തന്നെയാണ തെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. 2018-19 അധ്യയനവർഷത്തിലെ എസ്.എൻ. ട്രസ്റ്റ് പുതൂർക്കരയുടെ വിദ്യാഭ്യാസ പുരസ്കാരം ഞങ്ങളുടെ വിദ്യാർത്ഥി ക്കാണ് ലഭിച്ചത്. അതുപോലെതന്നെ ദേശീയ വായനശാല പുതൂർക്കരയുടെ വിദ്യാഭ്യാസ പുരസ്കാരത്തിനും വിദ്യാലയത്തിലെ രണ്ട് കുട്ടികളെ തെരഞ്ഞെ ടുക്കുകയുണ്ടായി.

അക്കാദമിക മേഖലയുടെ പരിപോഷണത്തിനായി എസ്.എസ്.എ. ഫണ്ടുപയോഗിച്ച് തയ്യാറാക്കിയ മനോഹരമായ ലൈബ്രറി കുട്ടികൾക്കു മാത്ര മല്ല അമ്മമാർക്കുകൂടി ഏറെ ഫലപ്രദമാണ്. ദിനാചരണങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ടി.വി. സ്ക്രീനിലൂടെ അവതരിപ്പിക്കുന്നത് പഠനം കൂടുതൽ രസകരമാക്കുന്നുണ്ട്.

## ഭൗതികം

എസ്.ഡി.പി. തയ്യാറാക്കുന്ന സമയത്ത് ഉണ്ടായിരുന്ന അവസ്ഥയേക്കാൾ ഭൗതികാവസ്ഥയ്ക്ക് ഏറെ മാറ്റം വന്നിട്ടുണ്ട്. കോർപ്പറേഷൻ വക 6 ലക്ഷം ഫണ്ട് ഉപയോഗിച്ച് 4 ക്ലാസ്റൂമുകൾ ടൈലിടുകയും ഒരു ക്ലാസ്റൂമിൽ ഒരു അറ്റാച്ച്ഡ് ബാത്റൂം ലഭ്യമാകുകയും ചെയ്തു. കൂടാതെ മേൽക്കൂര ഷീറ്റിട്ട് അതിനു മുകളിൽ ഓടുമേയുകയും ചെയ്തിട്ടുണ്ട്. വരാന്തയും ടൈലിട്ട് മനോ ഹരമാക്കിയിട്ടുണ്ട്. മഴക്കുഴി നിർമ്മിക്കുകയും ചുറ്റും ജൈവവേലി കെട്ടുകയും ചെയ്തിട്ടുണ്ട്. കൊള്ളിത്തണ്ട് നട്ടിട്ടുണ്ട്.

## സാമൂഹികം

ഈ അധ്യയനവർഷം പ്രവേശനോത്സവത്തിന് വെസ്റ്റ് പോലീസ് സ്റ്റേഷനിലെ ജനമൈത്രി പോലീസ് വിംഗ് മേധാവി സർക്കിൾ ഇൻസ്പെക്ടർ ശ്രീ. വി.കെ. രാജു അവർകളുടെ നേതൃത്വത്തിൽ ഞങ്ങളുടെ കുട്ടികൾക്ക് സ്കൂൾ ബാഗ് അടക്കമുള്ള പഠനോപകരണങ്ങൾ നൽകി. അധ്യാപകർ കുട്ടികൾക്കെല്ലാവർക്കും നോട്ട്ബുക്കുകൾ, ഫയലുകൾ, പേന, പെൻസിൽ, റബ്ബർ, കട്ടർ, എ4 ഷീറ്റുകൾ, ബോക്സ്, ക്രയോൺസ്, സ്കെയിൽ, ജൈവ വൈവിധ്യ പാർക്കിലേക്ക് ചെടിച്ചട്ടികൾ, ചെടി എന്നിവ വാങ്ങുകയുണ്ടായി. നാട്ടുകാരനും വ്യവസായിയുമായ ശ്രീ. സജി കൊളങ്ങാട്ടിൽ കുട്ടികൾക്ക് നോട്ടുപുസ്തകങ്ങൾ നൽകി. •

പ്രൈമറി ഹെൽത്ത് സെന്ററിൽനിന്നും നഴ്സ് ശ്രീമതി ശശീന്ദ്ര കുട്ടികളുടെ പ്രാഥമിക ചെക്കപ്പ് നടത്താനെത്തി. യോഗാദിനത്തിന് യോഗാ പരിശീലനം നൽകി. ഡിവൈഎഫ്ഐ പ്രവർത്തകർ മഴക്കുഴി നിർമ്മിച്ചുതന്നു. പൊട്ടിയ ഓട് മാറ്റിയിട്ടുതന്നു. പുതൂർക്കര വായനശാലാ പ്രവർത്തകർ വൃക്ഷത്തൈകൾ നട്ടു. രക്ഷിതാക്കളും പി.ടി.എ. അംഗങ്ങളും ഗൃഹസന്ദർശനത്തിൽ പങ്കാളികളാകുന്നുണ്ട്. കുട്ടികളുടെ അഡ്മിഷൻ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇനിയും കൂടുതൽ സഹകരണം ഉണ്ടാകുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രദമാക്കുവാൻ ഞങ്ങളാലാവുന്ന വിധത്തിൽ ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന ഉറപ്പോടെ ഞങ്ങൾ മുന്നോട്ടുപോകുന്ന ഈ അവസരത്തിലാണ് അധ്യാപക സംഘടനയായ കെ.എസ്.ടി.എ. യുദ്ധകാലാടിസ്ഥാനത്തിൽ ഞങ്ങളുടെ വിദ്യാലയത്തെ ഏറ്റെടുത്തത്. അതിന്റെ വെളിച്ചത്തിൽ ഞങ്ങളുടെ ഈ പ്രൊജക്റ്റ് സമർപ്പിക്കുകയാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

### ഒന്നാം തരത്തിൽ ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. ഒന്നാം തരത്തിലെത്തുന്നത് വരെ കുട്ടി ഗണിതം പഠിച്ചത് ചുറ്റുപ്പാടും ലഭ്യമായ മൂർത്താനുഭവങ്ങളുടെ അബോധപൂർവമായ സാമാന്യവത്ക്കരണം വഴിയാണ്.
2. ഇങ്ങനെ നിരവധി പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ഗണിത പ്രമുഖരാക്കും.
3. എണ്ണുന്നതിനും എഴുതുന്നതിനും ചുറ്റുപാടുമുള്ള പരമാവധി വസ്തുക്കൾ പ്രയോജനപ്പെടുത്തും.
4. ഗണിതാശയ രൂപീകരണത്തിന് ഗണിതപ്പാട്ടുകൾ പ്രയോജനപ്പെടുത്തും.
5. സംഖ്യകളുടെ എണ്ണൽ, സങ്കലനം, വ്യവകലനം, ആരോഹണം, അവരോഹണം, സംഖ്യകൾ, ചിത്രങ്ങൾ , പൊരുത്തപ്പെടുത്തൽ തുടങ്ങിയ ഗണിതാശയങ്ങൾ ഗണിതപ്പാട്ടുകളിലൂടെ അവതരിപ്പിക്കും.
6. താളമിട്ടു പാടാവുന്നതും ചലനാത്മകമായി അവതരിപ്പിക്കാവുന്നതുമായ ഗണിതപ്പാട്ടുകൾ കൊണ്ട് ക്ലാസ് രസകരമാക്കും.
7. കട്ടൗട്ടുകൾ വ്യത്യസ്ത വസ്തുക്കൾ എന്നിവയുടെയൊക്കെ സാധ്യത പ്രയോജനപ്പെടുത്തി ഗണിതപ്പാട്ടുകൾ ദൃശ്യവത്ക്കരിക്കും.
8. ഗണിതാശയ രൂപീകരണത്തിന് ഗണിതപ്പാട്ടുകൾ പ്രയോജനപ്പെടുത്തും.
9. പാട്ടിന്റെ ദൃശ്യാവിഷ്ക്കാരങ്ങൾ ക്ലാസ്. പി.ടി.എ. ബാലസഭ എന്നിവിടങ്ങളിൽ അവതരിപ്പിക്കാൻ അവസരം ഉണ്ടാകും.

10. കളികളിലൂടെ, ഗണിത പഠനമാണെന്ന് അറിയാതെ തന്നെ 5 വരെ കൂട്ടങ്ങൾ, ആരോഹണം, സംഖ്യാബോധം എന്നീ ഗണിതാശയങ്ങൾ രൂപീകരിക്കും.
11. എണ്ണൽ,സംഖ്യാബോധം,ഊഹിക്കലും പൊരുത്തപ്പെടലും, എഴുതൽ, കൂടുതൽ, കുറവ്, സങ്കലനം,വ്യവകലനം...തുടങ്ങിയവയ്ക്ക് ഗണിതകേളികൾ ഉപയോഗിക്കും.
12. നിർമ്മിച്ച പാഠോപകരണങ്ങൾ പ്രവർത്തനങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കും.
13. ഗണിതപഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് ക്ലാസ് അന്തരീക്ഷം പഠനത്തിനനുസരിച്ച് മാറും.
14. കുട്ടികൾക്ക് പഠനോപകരണങ്ങൾ കാണാനുള്ള അവസരം ഉറപ്പാക്കും.
15. കുട്ടികൾക്ക് ഇഷ്ടാനുസരണം പഠനോപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിയും.
16. ഓരോ പ്രവർത്തനത്തിന്റെയും ഭാഗമായി രൂപപ്പെടുന്ന പഠനോപകരണങ്ങളും സാമഗ്രികളും ആകർഷികമായ രീതിയിൽ ക്രമീകരിച്ച് ഗണിതച്ചുമര് തയ്യാറാക്കും.

### രണ്ടാം തരത്തിൽ ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. കുട്ടിയുടെ പരിസരത്ത് (വീട്ടിൽ, ക്ലാസ്സിൽ) ലഭ്യമാകുന്ന വസ്തുക്കൾ (കസേര, ബഞ്ച്, വാട്ടർബോട്ടിൽ, കുട, ബാഗ്, ചെരുപ്പ്, പേന, ബുക്ക്, വള....)ഗണിതാശയ രൂപീകരണത്തിന് പരമാവധി ഉപയോഗിക്കും.
2. ഏത് രണ്ടക്ക സംഖ്യയേയും പത്തിനെ ആധാരമാക്കി യുക്തിപൂർവ്വം വ്യാഖ്യാനിക്കാൻ എല്ലാ കുട്ടികൾക്കും സാധിക്കും.
3. പഠനോപകരണ നിർമ്മാണത്തിൽ രക്ഷിതാക്കളെയും ഉൾപ്പെടുത്തും.
4. പഠനോപകരണങ്ങളുടെ പുനരുപയോഗം ഉറപ്പാക്കും.
5. കലണ്ടറിലെ സംഖ്യാബന്ധങ്ങൾ കണ്ടെത്തി പാറ്റേണുകൾ രൂപീകരിക്കുന്നു. യുക്തി വിശദീകരിക്കുന്നു എന്ന പഠനനേട്ടത്തിന്റെ ഫലപ്രദമായ വിനിയോഗത്തിന് കലണ്ടർ അക്കങ്ങൾ ഉപയോഗിക്കും.

6. കുട്ടകൾക്ക് ഓരോ ഗണിതാശയ രൂപീകരണവുമായി ബന്ധപ്പെട്ട് നൽകാവുന്ന നിരവധി അനുഭവങ്ങൾ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തും.
7. പഠനത്തിന് സഹായകമായ ഗണിതാന്തരീക്ഷം ക്ലാസിൽ കാണും.
8. ഒരു യൂണിറ്റ് കഴിയുമ്പോൾ /ഒരു ടേമിൽ പ്രയോജനപ്പെടുത്തിയ പഠനോപകരണങ്ങളുടെ പ്രദർശനം ഒരുക്കും. മറ്റ് ക്ലാസ്സിലെ കുട്ടികൾക്ക് / രക്ഷിതാക്കൾക്ക് കാണാൻ അവസരം.

## മൂന്ന് | നാല്[redacted] തരത്തിൽ ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. തന്നിരിക്കുന്ന പാറ്റേണിലെ അടുത്തടുത്ത സംഖ്യകൾ തമ്മിലുള്ള വ്യത്യാസം / ബന്ധം കണ്ടുപിടിക്കുന്നതിന് സാധിക്കും.
2. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ പാറ്റേണിന്റെ യുക്തി വിശദീകരിക്കാൻ കഴിയും. അടുത്തടുത്തുള്ള സംഖ്യകൾ തമ്മിലുള്ള വ്യത്യാസം ഒരു നിശ്ചിത സംഖ്യ ആണെങ്കിൽ ആ സംഖ്യ ഉപയോഗിച്ചു തുടർന്നുള്ള പാറ്റേണുകൾ നിർമ്മിക്കാൻ അവസരം ഒരുക്കും.
3. അടുത്തടുത്ത സംഖ്യകളുടെ വ്യത്യാസം നിശ്ചിതമായ ഒരു സംഖ്യയില്ലെങ്കിൽ ആ പാറ്റേണിലെ സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നതിന് സൂചനകൾ നൽകുന്നു. (ഒന്നാം സംഖ്യയും രണ്ടാം സംഖ്യയും തമ്മിലുള്ള ബന്ധം കണ്ടെത്തി പാറ്റേണിലെ പുതിയ സംഖ്യ കണ്ടെത്തുകയും യുക്തി വിശദീകരിക്കുകയും ചെയ്യാം.)
   ബന്ധം കണ്ടെത്തിയാൽ ഇതിന്റെ അടിസ്ഥാനത്തിൽ തന്നെയാണോ രണ്ടാം സംഖ്യയും മൂന്നാം സംഖ്യയും തമ്മിലുള്ളത്? മൂന്നും നാലും തമ്മിലുള്ളതോ? പുതിയ പാറ്റേണുകൾ കണ്ടെത്തും.
4. സംഖ്യകളുടെ സങ്കലനം, വ്യവകലനം എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ട് പിന്നോക്കക്കാരായ കുട്ടികളെ പരിഗണിച്ചും മനഗണിതത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തിയും പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനും വിനിമയം ചെയ്യുന്നതിനും ക്ലാസ്സിൽ അവസരം ഒരുക്കണം. തന്റെ ക്ലാസ്സിലെ കുട്ടികളുടെ നിലവാരം വിദ്യാലയം ഒക്കെ പരിഗണിച്ചുക്കൊണ്ട് പ്രത്യേകമായി സമയം കണ്ടെത്തിയോ ക്ലാസ് പ്രവർത്തനത്തിന്റെ ഭാഗമായി ആദ്യവാരം പത്തു ദിവസം പരിഗണിച്ചോ പ്രവർത്തനം നൽകും.

**സങ്കലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

1. എണ്ണിനോക്കാതെ കൂടുതൽ / കുറവ് പറയാൻ കഴിയും.
2. പത്തിന്റെ / അഞ്ചിന്റെ കൂട്ടങ്ങളായി എണ്ണും.
3. സംഖ്യകളുടെ സ്ഥാനവില പറഞ്ഞ് കൂട്ടും
4. പുനഃക്രമീകരണം വരുന്ന സംഖ്യകളുടെ കൂട്ടൽ.(ഒന്നുകൾ,പത്തുകൾ,നൂറുകൾ,വസ്തുക്കൾ ഉപയോഗിക്കും)
5. സൗഹൃദ സംഖ്യകളാക്കി കൂട്ടൽ.(10,100,1000 തുടങ്ങിയവ)
6. വലത്തുനിന്ന് ഇടത്തോട്ടും ഇടത്തുനിന്ന് വലത്തോട്ടും കൂട്ടൽ(പത്തുകളെ നൂറിൽ ചേർക്കൽ, നൂറുകളെ പത്തുകളാക്കൽ)എന്നിവയ്ക്ക് കഴിയും.

**വ്യവകലനവുമായ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

1. വ്യവകലനത്തിനു വേണ്ടിയുള്ള പ്രശ്നങ്ങൾ സ്വയം രൂപപ്പെടുത്താൻ കഴിയും.
2. പുഃനക്രമീകരണം ഇല്ലാത്ത സംഖ്യകളുടെ വ്യവകലനം ചെയ്യും.
3. കുറയ്ക്കേണ്ട സംഖ്യയെ തൊട്ടടുത്ത സൗഹൃദസംഖ്യയിലേക്ക് (10,100,1000 തുടങ്ങിയവ) കൊണ്ടുപോയി വ്യത്യാസങ്ങൾ കൂട്ടാൻ കഴിയും.
4. നൂറിൽ നിന്ന് കുറയ്ക്കാൻ സാധിക്കും
5. സൗഹൃദ സംഖ്യകളാക്കി പിരിക്കുക,കുറയ്ക്കുക എന്നിവ ചെയ്യും.
6. കുറയ്ക്കേണ്ട സംഖ്യയിലെ ഒന്നുകൾ കുറവു ചെയ്യേണ്ട സംഖ്യകളിലെ ഒന്നുകളേക്കാൾ വലുതായിരിക്കുമ്പോൾ തൊട്ടടുത്ത പത്തുകളിലേക്ക് മാറ്റി കുറയ്ക്കാൻ സാധിക്കും.
8. ഒറ്റയുടെ സ്ഥാനത്തെ സംഖ്യ പ്രവചിക്കും.സൗഹൃദ സംഖ്യ പ്രയോജനപ്പെടുത്തി മനഗണിതം ഉപയോഗിച്ച് വ്യത്യാസം കാണാൻ കഴിയും.

**ഗുണനം**

1. ഇരട്ടി/പകുതി കണ്ടെത്തൽ പ്രയോജനപ്പെടുത്തി ഗുണനം ചെയ്യും.
2. പിരിച്ചെഴുതി ഇരട്ടി കാണും.
3. ക്രോസ് ലയിൻ രീതി ഉപയോഗിച്ച് ഗുണിക്കാൻ പറ്റും.

**കളികളിലൂടെ ഗണിതാശയ രൂപീകരണം**

1. ക്ലോക്കിൽ നിശ്ചിതസമയം ക്രമീകരിക്കും.
2. നാലക്കസംഖ്യകൾ രൂപീകരിക്കും
3. സ്ഥാനവിലയ്ക്കനുസരിച്ച് സംഖ്യകൾ എഴുതും.
4. നാലക്ക സംഖ്യകൾ വായിക്കും.
5. നാലക്ക സംഖ്യകൾ സന്ദർഭത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കും.
6. നിശ്ചിത സംഖ്യകളിൽ നിന്നു തുടങ്ങി പതിനായിരം വരെ ക്രമമായി എഴുതും.
7. ക്രിയാഫലം മനഃകണക്കായി പറയും.
8. രണ്ട് സമയങ്ങൾക്കിടയിലുള്ള സമയദൈർഘ്യം ഊഹിച്ചു പറയും

വ്യത്യസ്ത നീളത്തിലേക്കുള്ള വസ്തുക്കളുടെ നീളം ഊഹിച്ചു പറയാൻ അവസരം നൽകും. ഊഹിച്ചു കണ്ടെത്തിയവ കൃത്യമാണോ എന്ന് അളന്ന് കണ്ടെത്തിയത് ഒരു യൂണിറ്റിൽ നിന്ന് മറ്റൊരു യൂണിറ്റിലേക്ക് മാറ്റുന്നതിന് ആവശ്യമായ സന്ദർഭം. സൃഷ്ടിക്കും.

ചിന്തിക്കാൻ അവസരം ഒരുക്കൽ.മീറ്റർ സ്കെയിൽ / ടേപ്പ് ഉപയോഗിച്ച് അളക്കുന്നതിനും വിവിധ യൂണിറ്റുകളിലേക്ക് പരസ്പരം മാറ്റുന്നതിനും അവസരം നൽകൽ.

മനഗണിതം ഉപയോഗിച്ച് കണ്ടെത്തുന്നതിന് കുട്ടികൾക്ക് കഴിയും. ചെറിയ സ്കെയിൽ,ടേപ്പ്,മീറ്റർ സ്കെയിൽ,മെട്രിക് ടേപ്പ് എന്നിവ ഉപയോഗിച്ച് വരാന്തയുടെ നീളം, ബഞ്ചിന്റെ ഉയരം,ചെടിയുടെ ഉയരം,റബർബാന്റിന്റെ നീളം,തൂണിന്റെ വണ്ണം. എന്നിവ അളക്കാൻ കഴിയും.

വ്യത്യസ്ത നീളങ്ങൾ അളക്കുന്നതിനും നീളത്തിന്റെ യൂണിറ്റ് കൃത്യതപ്പെടുത്തുന്നതിനും സമാന നീളങ്ങൾ ഊഹിക്കുന്നതിനും ചുമരിലേയും ക്ലാസ്റൂം ഉപകരണങ്ങളിലെയും അളവുകളുടെ രേഖപ്പെടുത്തലുകൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തും.

ക്ലോക്കിൽ നിശ്ചിതസമയം ക്രമപ്പെടുത്തുന്നതിനും ക്രമീകരിച്ച സമയം എത്രയെന്ന് രേഖപ്പെടുത്തുന്നതിനും അടയാളങ്ങൾ മാത്രം ഉപയോഗിച്ച ക്ലോക്കിലെ സമയം രേഖപ്പെടുത്തുന്നതിനും കഴിയും.

10 10 ഗ്രിഡിന് ഗണിത ക്ലാസിലെ സാധ്യതകൾ

1. വ്യത്യസ്ത രൂപങ്ങൾ ഗ്രിഡിലൂടെ വരയ്ക്കൽ
2. രൂപങ്ങളുടെ ചുറ്റളവ് ഗ്രിഡ് ഉപയോഗിച്ച് കണ്ടെത്തുന്നു.
3. ചുറ്റളവുമായി ബന്ധപ്പെട്ട നിഗമനം രൂപീകരിക്കുന്നു.
4. വ്യത്യസ്ത പാറ്റേണുകളുടെ ചിത്രീകരണത്തിന് കഴിയും.
5. വ്യത്യസ്ത ഭിന്നസംഖ്യകളുടെ ചിത്രീകരണവും താരതമ്യം ചെയ്യലും ചെയ്യും.

തൂക്കുകട്ടികൾ സ്വയം രൂപപ്പെടുന്നതിന്.
തൂക്കങ്ങൾ കൃത്യതയോടെ അളക്കുന്നതിന് കഴിയും.
വ്യത്യസ്ത തൂക്കങ്ങൾ മതിച്ചു പറയുന്നതിനും തൂക്കിനോക്കി കൃത്യതപ്പെടുത്തുന്നതിനും കഴിയും.

പ്രകൃതിയിലെ /കുടുംബം,ക്ലാസ്സ് ,വീട് നിത്യവും ഉപയോഗ്ക്കുന്ന ഗണിതാശയങ്ങളുടെ ദൃശ്യവത്ക്കരണം വ്യത്യസ്ത സാധനങ്ങളെ തുല്യമായി വീതം വയ്ക്കുന്നതിന്റെ ദൃശ്യം.ക്ലാസ്സിലെ ഉപകരണങ്ങളിലെ ചുമരിലെ ഗണിത സാധ്യതകൾ,വ്യത്യസ്ത രൂപങ്ങൾ ഉപയോഗിച്ച് സ്വന്തം കുടുംബത്തെ രേഖപ്പെടുത്തൽ,ജ്യാമിതിയും ടെസലേഷനും തിരിച്ചറിയുന്ന രൂപങ്ങളുടെ പ്രദർശനം. ഗണിതാശയമില്ലാത്തതിനാൽ എത്തിപ്പെടുന്ന അബദ്ധങ്ങൾ,വിലവിവരപ്പട്ടിക (മാറുന്നതിനനുസരിച്ച് മാറ്റണം),ടാൻ ഗ്രാം ,(പേപ്പർ,കറുത്ത ചാർട്ട് പേപ്പർ,ചെലവു കുറഞ്ഞ പേപ്പർ) വ്യത്യസ്ത പേപ്പറിൽ വെട്ടിയെടുത്ത ടാൻഗ്രാം സെറ്റുകൾ കുട്ടികൾ തയ്യാറാക്കിയ രൂപങ്ങൾ അവരുടെ നോട്ടുബുക്കിൽ ഒട്ടിക്കുന്നു.അതിൽ ഏറ്റവും ഇഷ്ടമുള്ളത് മാത്രം ഡിസ്പ്ലേ ബോർഡിൽ പ്രദർശനം എന്നിവയ്ക്ക് കഴിയും.

സങ്കലന വസ്തുതകൾ , ഗുണന വസ്തുക്കൾ എന്നിവ രൂപപ്പെടുത്തുന്നതിന് ഗ്രിഡ് ബോർഡ് പ്രയോജനപ്പെടുത്തും.

1. പസിലുകൾ പ്രദർശനം പസിലിനുത്തരം കണ്ടെത്തി പ്രദർശനം തുടർന്ന് മറ്റൊരു പസിൽ ഒരു ദിവസം ഒരു പസിൽ എന്ന രീതിയിൽ ചെയ്യും.
2. കോണിയിൽ സംഖ്യകൾ വലുപ്പക്രമത്തിൽ അടുക്കാൻ കഴിയും.
   പാറ്റേണുകൾ രൂപീകരിക്കാൻ കഴിയും.
3. പ്രശ്നം വായിച്ചു സ്വന്തം ഭാഷയിൽ വിശദീകരിക്കുന്നതിന് കഴിയും.
4. പ്രശ്ന പരിഹാരണതന്ത്രങ്ങളിൽ അനുയോജ്യമായ തന്ത്രം പ്രയോജനപ്പെടുത്താൻ കഴിയും.
5. കണ്ടെത്താനുള്ള വസ്തുതകളും തന്നിരിക്കുന്ന വസ്തുതകളും / വിവരണങ്ങളും തമ്മിൽ ബന്ധപ്പെടുത്തും.
6. പ്രശ്ന പരിഹരണത്തിന് പുതുതായി കണ്ടെത്തേണ്ട ദത്തങ്ങൾ ഏതെന്ന് കൃത്യതപ്പെടുത്തും.
7. പ്രശ്നപരിഹാരണത്തിന് വ്യത്യസ്ത മാർഗ്ഗങ്ങൾ കണ്ടെത്തും.
8. പ്രശ്നപരിഹാരണത്തിന് വ്യത്യസ്ത ക്രിയാരീതികൾ കണ്ടെത്തും.
9. പ്രശ്നപരിഹാരണം നടത്തുന്നു. ഉത്തരത്തിന്റെ സാധ്യത ഓരോ ഘട്ടത്തിലും പരിശോദിക്കൽ വഴി കൃത്യതപ്പെടുത്തും.
10. തന്റെ ഉത്തരത്തെ സ്വാധീനിക്കും.
11. മറ്റു കുട്ടികളുടെ മാർഗ്ഗങ്ങൾ / ക്രിയാരീതികൾ പരിചയപ്പെടുത്തുകയും വിശകലനം ചെയ്യുകയും ചെയ്യും.
12. മനക്കണക്കിന്റെ സാധ്യത പ്രയോജനപ്പെടുത്താവുന്ന അവസരങ്ങളിൽ പ്രയോജനപ്പെടുത്തൽ
13. പുതിയ സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തും.

# ACADEMIC MASTER PLAN FOR I TO IV .

## SUBJECT-ENGLISH

**OBJECTIVES (Aim)**

- To speak and write English with self confidence.
- Use ICT easily.
- Showing short stories, rhymes, poems, dramas, spelling audio's and video's.
- Conform correct pronunciation.
- Give them more opportunities to speak and write.
- Tried to bring expert teachers, parents, poets.

**ACTIVITIES**

- Conduct language labs in the school. Tried to make the lessons convert into dramas and poems.
- Tried to showing them T.V. news ,cartoons and small skits.

**GAMES**

- Me and my name.
- Tell me your name
- What's your name?
- Your name please:
- Let me write your name?

This is Amal /this is veena.
When I read Amal go and touch Amal's head. When I read Veena go and touch Veena's head. When I touch Geetha go show me Geetha's name on the chart.

**ACTIVITY**- Fruits salad.

Invite each students to take one fruit.( Apple, Orange, Grapes, Banana, Mango) Kept in a box. Wants children to colour the outline of the fruit. That each one selected and wants them to talk about it.

**GAME**

Tail,tail,tail

Beautiful tale

Say the name of animal.

(sit around and playing this game)

**ACTIVITY.**

Teacher draw a picture of butterfly and flower. Wants them to colour it.

After that ask them to make a small conversation between butterfly and flower.

**ACTIVITY .**

Wants them to make paper boats. After that asking them small questions.

Oh, this is your boat. What colour is it? You can colour it.

Hearing them more Action songs like row, row, row, your boat, where is thumb king? Found a peanut. Etc.

**ACTIVITY**

Me and my word .

Teacher display any picture and word related and prepare a word web. Ask the children to write down one sentence using the word web.Let the learners read their sentence and teacher evolves a description.

**ACTIVITY** - Class room game. (slips)

Who got pencils? Show me the pencil.

Who got board? Show me the board.

Who got benches? Show me the benches.

**ACTIVITY** - Story visualization TPR

Teacher narrated the story once again. Assign the role to the learners, Let them do the actions when the teacher present the story.

**DICTIONARY**

Wants them to make dictionary. This activity is suit to each class. Before class start prepare a bunch of words and put it them in a bag. Take one word and draw the word as a picture.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

### ഒന്നാം തരത്തിൽ ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. ഒന്നാം തരത്തിൽ കുഞ്ഞുവായനയ്ക്കും കുഞ്ഞെഴുത്തിനും ആവശ്യമായ വിഭവങ്ങൾ രൂപപ്പെടുത്താൻ അധ്യാപകയ്ക്ക് കഴിയും.
2. വായന വ്യക്തതയുള്ളതും താൽപര്യമുള്ളതുമാക്കുന്നതിന് ആകർഷകവും സ്വാഭാവികവുമായ സന്ദർഭങ്ങൾ ഒരുക്കുക.
3. കുഞ്ഞെഴുത്തിനെ പ്രോത്സാഹിപ്പിക്കുന്ന തന്ത്രങ്ങൾ (ചിത്രത്തിൽ നിന്ന്, കഥയിൽ നിന്ന്, ജീവിത സന്ദർഭങ്ങളിൽ നിന്ന് എഴുത്തിലേക്ക്) ഉപയോഗപ്പെടുത്തി കുട്ടികളുടെ രചനശേഷി വർദ്ധിപ്പിക്കാൻ കഴിയും.
4. ഒന്നാം ക്ലാസ്സിന്റെ നിലവാരത്തിനനുസരിച്ച് ധാരാളം വായനാ സാമഗ്രികൾ നിർമ്മിച്ചും സമാഹരിച്ചും ഒരുക്കും.
5. ഒന്നാം ക്ലാസ്സിൽ ഉപയോഗിക്കുന്ന വായനാ കാർഡുകൾക്ക് നിരവധി സവിശേഷതകളുണ്ട്. (കുറുകിയ വാക്യങ്ങൾ,താളമുള്ള ഭാഷ, വ്യത്യസ്ത ഭാവം, ജിജ്ഞാസ ഉണർത്തുന്ന പ്രയോഗം, ഭാവനാപൂർണമായ ചിന്ത, പദങ്ങളുടെ പുനരനുഭവ സാധ്യത, വീണ്ടും വായിക്കാൻ പ്രേരിപ്പിക്കുന്നത്, ചിത്രങ്ങൾ ഉൾപ്പെടുത്തിയത്, വർണങ്ങൾ ഉപയോഗിച്ചത്.) വായനാകാർഡ് തയ്യാറാക്കി കുട്ടികൾക്ക് നൽകും.
6. വിവിധ പ്രമേയങ്ങളുമായി ബന്ധപ്പെട്ട് വായനാകാർഡുകൾ (വീട് , പരിസരം , ജീവികൾ, ചെടികൾ, പൂക്കൾ) ഇവയുമായി ബന്ധപ്പെട്ട വായനാകാർഡുകൾ തയ്യാറാക്കുകയും അവതരിപ്പിക്കുകയും ചെയ്യും.
7. വായനാകാർഡുകൾ അവതരിപ്പിക്കുന്നതിന് വ്യത്യസ്തമായ തന്ത്രങ്ങൾ (കഥയിലൂടെ, ചിത്ര വായനയിലൂടെ, ആഖ്യാനത്തിലൂടെ കഥയുടെ ബാക്കി ഭാഗം ഊഹിക്കാൻ അവസരം നൽകുന്നതിലൂടെ) രൂപപ്പെടുത്തും.
8. ചിത്രങ്ങൾ, കഥകൾ , സന്ദർഭങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി കുട്ടികളും അധ്യാപികയും ചിത്രകാർഡുകൾ നിർമിക്കുകയും ഗ്യാലറിയിൽ പ്രദർശിപ്പിക്കുകയും ചെയ്യും.
9. രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വായനാകാർഡുകൾ നിർമ്മിക്കുന്നു.
10. ഭാഷാ പഠനത്തിന്റെ ഭാഗമായി ഒന്നാം തരത്തിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായി മാറും.

### രണ്ടാം തരത്തിൽ ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. വായനാകാർഡ് അർത്ഥ പൂർണമായി വായിക്കണമെങ്കിൽ താൽപര്യമുണർത്തുന്നതും അനുയോജ്യവുമായ സന്ദർഭങ്ങൾ ഒരുക്കും.
2. വായനാ സാമഗ്രികൾ വിവിധ തന്ത്രങ്ങളിലൂടെ (ചിത്രവായന, ചോദ്യങ്ങൾ ചോദിക്കൽ, തുടർച്ച, പറയൽ, കഥാപാത്രത്തെക്കുറിച്ച് പറയൽ)അവതരിപ്പിക്കുന്നത് വായന ഫലപ്രദമാക്കും.
3. വായനാ കാർഡുകൾ സംബന്ധിച്ച് ധാരണ ക്ലാസ്സ് പി.ടി.എ.യിൽ പങ്കുവെക്കുകയും ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യും.
4. കുട്ടികൾക്കനുയോജ്യമായ വായനാകാർഡുകൾ സ്കൂൾതല രചനോത്സവത്തിൽ തയ്യാറാക്കുന്നുണ്ട് .
5. വിവിധ വായനാകാർഡുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും വിതരണം ചെയ്യുകയും ഇവ രക്ഷിതാക്കൾ കുട്ടികൾക്ക് വായിച്ചുകൊടുക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യും.

6. കുട്ടിപ്പുര എന്ന പാഠഭാഗത്തിൽ കഥയുടെ തുടർച്ച പാലിച്ചുകൊണ്ട് വായനകാർഡുകൾ തയ്യാറാക്കി നൽകുന്നുണ്ട്.
7. ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, കഥ എന്നിവ ഉൾക്കൊള്ളുന്ന വായനാക്കാർഡുകൾ തയ്യാറാക്കുന്നുണ്ട്.
8. കുട്ടികളുടെ രചനകൾ പ്രകാശനം ചെയ്യുന്നതിലൂടെ അവർക്ക് ഭാഷാ പ്രയോഗത്തിൽ ആത്മ വിശ്വാസം വർദ്ധിക്കും.
9. കുട്ടികളുടെ വായനയും എഴുത്തും പരിപോഷിപ്പിക്കുന്നതിന് ക്ലാസ് തല പ്രവർത്തന പദ്ധതി കളിലൂടെ സാധിക്കും.
10. പഠന ഗ്യാലറി, നോട്ടുബുക്ക് , പോർട്ട്ഫോളിയോ തുടങ്ങിയവയിൽ കുട്ടികളുടെ രചനകൾ പ്രദർശനം ഉറപ്പാക്കും.

## മൂന്ന്, നാല് ക്ലാസ്സുകളിലെ ഭാഷാപഠനത്തിന് ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. മൂന്നാം ക്ലാസ്സിലെയും നാലാം ക്ലാസ്സിലെയും എല്ലാ കുട്ടികൾക്കും ഭാഷാപരമായ മികവ് ഉറപ്പാക്കാൻ സാധിക്കും.
2. ക്ലാസ്സിൽ എല്ലാവരെയും പരിഗണിക്കുക, പ്രോത്സാഹിപ്പിക്കുക, തൽസമയ സഹായം, ഐ.സി.ടി. ഉപയോഗം തുടങ്ങി പ്രക്രിയകൾ പാലിക്കും.
3. ഓരോ പാഠഭാഗത്തിന്റെയും പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിന് സഹായകമായ പഠനപ്രവർത്തനങ്ങൾ കണ്ടെത്തി ക്രമീകരിക്കുന്നത് പഠനപ്രക്രിയയുടെ തുടർച്ച ഉറപ്പുവരുന്നു.
4. ഓരോ പഠനപ്രവർത്തനവും അറിവു നിർമ്മാണ പ്രക്രിയയുടെ ഘട്ടങ്ങൾ പാലിച്ച് സൂക്ഷമതലത്തിൽ ആസൂത്രണം ചെയ്യുന്നത് എല്ലാ കുട്ടികളുടെയും പങ്കാളിത്തവും പഠനനേട്ടവും ഉറപ്പുവരുത്തും.
5. വായനയ്ക്ക് മുമ്പായി ആവശ്യബോധം ഉണ്ടാക്കുന്ന സന്ദർഭങ്ങൾ ഒരുക്കുന്നത്. (ഐ.സി.ടി.സാധ്യത, കഥ ,ആഖ്യാനം ,അനുഭവം ) അർത്ഥപൂർണമായ വായനയിലേക്ക് നയിക്കും.
6. വിവിധ തരത്തിലുള്ള വായനയിലൂടെ കടന്നുപോകുമ്പോൾ (ആശയഗ്രഹണം,വിശകലനം, പ്രതിഫലനം, തുടങ്ങിയവ) വ്യവഹാരരൂപങ്ങളുടെ (കഥ,കവിത,ലേഖനം....)ഉയർന്ന തലത്തുലുള്ള ആശയഗ്രഹണവും, ആസ്വാദനവും സാധ്യമാണ്.
7. ആശയത്തിന് അനുയോജ്യമായ ഈണം, താളം, ഭാവം പാലിച്ച് കവിതാലേപനം നടത്തുന്നത്, കവിതാസ്വാദത്തിലേക്ക് നയിക്കും.
8. ഒരു വ്യവഹാര രൂപത്തെ മറ്റൊരു വ്യവഹാരരൂപമായി മാറ്റുന്നത് ഭാഷാശേഷി വികാസത്തിന് സഹായിക്കും.
9. കവിത, കഥ, എന്നിവയിലെ ആസ്വാദനാംശങ്ങൾ (പ്രയോഗഭംഗി, ശൈലികൾ,പദങ്ങളുടെ തെരെഞ്ഞെടുപ്പ്, വർണനാശം)കണ്ടെത്തി വിശകലനം ചെയ്യുന്നത് ആസ്വാദനത്തിന്റെ ഉയർന്ന തലത്തിലേക്ക് നയിക്കും.
10. ഓരോ പാഠാസൂത്രണത്തിന്റെ ഭാഗമായും ആവശ്യമായ അനുബന്ധ സാമഗ്രികൾ (വർക്ക്ഷീറ്റുകൾ വായനാസാമഗ്രികൾ, ടീച്ചർവേർഷൻ, ലഘുവിവരണം, കഥ, ജീവചരിത്രക്കുറിപ്പ് ,സമാനകവിതകൾ) എന്നിവ തയ്യാറാക്കും.
11. ഇന്ദ്രിയാനുഭവങ്ങൾ (വർക്ക്ഷീറ്റ്) ഉപയോഗപ്പെടുത്തും.
12. പഠനഗ്യാലറിയിൽ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കും.
13. പാനലുകൾ ഉചിതമായ സന്ദർഭങ്ങളിൽ ഗ്യാലറിയിൽ പ്രദർശിപ്പിക്കും
14. കഥ, കവിത,ആസ്വാദനക്കുറിപ്പ്, താരതമ്യക്കുറിപ്പ് തുടങ്ങിയവ വിവിധ തലത്തുലുള്ള എഡിറ്റിംഗിലൂടെ മെച്ചപ്പെടുത്തും.
15. അധ്യാപിക ക്ലാസ്റൂം പ്രവർത്തനങ്ങൾ സൂക്ഷമതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കും

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പരിസരപഠനം.

### ഒന്നാം തരത്തിൽ ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. നിരീക്ഷണം ,താരതമ്യം ,വർഗ്ഗീകരണം, നിഗമന രൂപീകരണം തുടങ്ങിയ പ്രക്രിയാശേഷികളുടെ വളർച്ചയിലൂടെ യഥാർത്ഥ ശാസ്ത്രപഠനം സാധ്യമാക്കും
2. പഞ്ചേന്ദ്രിയങ്ങളിലൂടെയുള്ള നിരീക്ഷണരീതി ബോധ്യപ്പെടൽ (മൊബൈൽ ഫോൺ നിരീക്ഷണം)
3. പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെയുള്ള നിരീക്ഷണം നടത്തിയതിന്റെ തെളിവുകൾ ഉണ്ടാകും.
4. നിരീക്ഷണ ഫലങ്ങൾ വ്യത്യസ്ത രീതിയിൽ നോട്ടുബുക്കിൽ രേഖപ്പെടുത്തും (ചിത്രം,പട്ടിക, പദസൂര്യൻ.
5. വിവിധലഘുപരീക്ഷണങ്ങൾ ചെയ്യും.

### രണ്ടാം തരത്തിൽ ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. നിരീക്ഷണം / നേരനുഭവത്തിന് പരമാവധി അവസരം കുട്ടിക്ക് നല്കണം.
2. നിരീക്ഷണ ഫലങ്ങൾ രേഖപ്പെടുത്തൽ
3. പ്രത്യേകതകൾ അനുസരിച്ച് സസ്യങ്ങളെ വർഗ്ഗീകരിക്കുന്നു.
4. പരിസരത്തുള്ള ജൈവവൈവിധ്യം ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് അധ്യാപിക പ്രയോജനപ്പെടുത്തുന്നു.

### മൂന്ന്, നാല് ക്ലാസ്സുകളിലെ ഭാഷാപഠനത്തിന് ഊന്നൽ കൊടുക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

1. അനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കുക.
2. ശാസ്ത്രദിനാചരണങ്ങൾ ശാസ്ത്രബോധവുമായി ബന്ധപ്പെടുക.
3. പരിസര ശാസ്ത്രബോധനം ഫലപ്രദമാക്കുവാൻ അധ്യാപിക ഗവേഷണാത്മകമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തും.
4. ദിനാചരണങ്ങൾ ശാസ്ത്രബോധനവുമായി ബന്ധപ്പെടുത്തി നടക്കും.
5. പ്രസക്തമായ പത്ര വാർത്തകൾ
6. ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പുകൾ
7. ചിത്രങ്ങൾ
8. പ്രചോദകങ്ങളായ ഉദ്ധരണികൾ
9. കുട്ടികളുടെ സ്വന്തമായ നിരീക്ഷണങ്ങൾ, കണ്ടെത്തലുകൾ.
10. ഐ.സി.ടി. സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും
11. ഐ.സി.ടി. വിഭവങ്ങളുടെ ലിസ്റ്റ് തയ്യാറാക്കും.
12. പരീക്ഷണ നിരീക്ഷണങ്ങളുടെ സാധ്യത.
13. വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകും.

# ടാലന്റ് ലാബ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാട്ടിന് കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരിലെ കഴിവിനെ വികസിപ്പിക്കും. (പ്രോത്സാഹിപ്പിക്കും) | ബാലസഭ ,ക്ലാസ്സ്, പി.ടി.എ.,ആനിവേഴ്സറി, സ്കൂൾ അസംബ്ലി എന്നിവയിൽ പങ്കെടുപ്പിക്കും. മ്യൂസിക് ടീച്ചേഴ്സിനെ വിദ്യാലയത്തിലേക്ക് ക്ഷണിക്കും. | ദീർഘകാലം | എല്ലാ ക്ലാസ്സ് അധ്യാപകർക്കും കലാകായിക ചുമതലയുള്ള അധ്യാപിക | പി.ടി.എ ഒ.എസ്.എ |
| ചെണ്ടകൊട്ടിന് താല്പര്യമുള്ളവർ ഉണ്ട്. | ബാലസഭ,അസംബ്ലി,പരിശീലനം. ആശാൻമാരെ സ്കൂളിലേക്ക് ക്ഷണിക്കും. | ഹ്രസ്വകാലം | അധ്യാപകർ | |
| ഡാൻസ്,ചിത്രംവര, കഥ പറയൽ, കവിത, നാടകം എന്നിവയിൽ താല്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കും. | പ്രത്യേകം അധ്യാപികയെ കൊണ്ടുവരും.ചെറുകഥകൾ വായിക്കാൻ നല്കും.കവിതകൾ ധാരാളം പരിചയപ്പെടുത്തും. ചെറിയ ചെറിയ സ്കിറ്റുകൾ ചെയ്യിപ്പിക്കും.മത്സരങ്ങളിൽ പങ്കെടുപ്പിക്കും. | ദീർഘകാലം | | |

# Academic Calendar 2025-26

| Sl No | Name of Programme | Time | Charge | Finance | Remarks |
|---|---|---|---|---|---|
| 1 | SRG യോഗം | Jun 3 - Mon | | | |
| 2 | സ്കൂൾ പച്ചക്കറിത്തോട്ടം | June 5 - 10 | Sci club | | |
| 3 | വായനക്കളരി നവീകരണം | June 19 - 26 | Mal Club | | |
| 4 | PTA/MPTA ജനറൽബോഡി | Jun 21-Fri | | | |
| 5 | SRG യോഗം | July 1 - Mon | | | |
| 6 | ബഷീർ ചരമദിനം | July 5 - Fri | മലയാളം | | |
| 7 | PTA/MPTA പ്രവർത്തകസമിതി | July 8 Mon | | | |
| 8 | ലോകജനസംഖ്യാദിനം | July 11 - Thu | SS ക്ലബ്ബ് | | |
| 9 | ക്ലാസ് ശാസ്ത്രലാബ് - ശിൽപശാല 5, 6, 7 ക്ലാസുകളിൽനിന്ന് 6 വീതം കട്ടികളെ തിരഞ്ഞെടുത്ത് ഏകദിന ശിൽപശാല നടത്തുന്നു. ഓരോ ക്ലാസിലേക്കും 15 - 20 വീതം പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു. ക്ലാസ്സലത്തിൽ ശാസ്ത്രലാബ് ക്രമീകരിക്കുന്നു. | July 20-Sat | Sci ക്ലബ്ബ് | | |
| 10 | ചാന്ദ്രദിനം | July 21,22 -Sun,Mon | | | |
| 11 | സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് | July 23 -Tue | IT, SS ക്ലബ്ബ് | | |
| 12 | മുന്നേറ്റം (മലയാളഭാഷാപഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്ന കട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം) | July 6- Sat<br>July 13- Sat<br>July 27- Sat | Mal Club | | |
| 13 | SRG യോഗം | July 26 - Fri | | | |
| 14 | പ്രേംചന്ദ് ദിനം | July 31 - Wed | HI ക്ലബ്ബ് | | |
| 15 | E Radio<br>PTA/MPTA പ്രവർത്തകസമിതി | Aug 5 - Mon | Eng ക്ലബ്ബ് | | |
| 16 | ഹിരോഷിമദിനം | Aug 6 - Tue | SS ക്ലബ്ബ് | | |
| 17 | മുന്നേറ്റം (ഗണിതപഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്ന കട്ടികൾക്ക് പ്രത്യേക | Aug 10- Sat<br>Aug 17 - Sat | Maths Club | | |

| | | | | | |
|---|---|---|---|---|---|
| | മൊഡ്യൂൾതയ്യാറാക്കി പരിശീലനം) | Aug 24 - Sat | | | |
| 18 | സ്വാതന്ത്ര്യദിനാഘോഷം | Aug 15 -Tue | | | |
| 19 | SRG യോഗം | Aug 27- Tur | | | |
| 20 | ഓണാഘോഷം,<br>PTA/MPTA പ്രവർത്തകസമിതി | Sep 13- Fri | | | |
| 21 | നാടക ക്യാമ്പ്<br>(അഭിനയ താൽപര്യമുള്ള കട്ടികളെ പങ്കെടുപ്പിച്ച് ഏകദിന നാടകശിൽ പ്പശാല) | Sep 7 - Sat | വിദ്യാരംഗം | | |
| 22 | അധ്യാപകദിനം | Sep 5 +Thu | SSക്ലബ്ബ് | | |
| 23 | ഓസോൺ ദിനം | Sep 16 - Mon | Sci ക്ലബ്ബ് | | |
| 24 | സാഹിത്യശിൽപ്പശാല<br>(സാഹിത്യാഭിരുചിയുള്ള കട്ടികളെ പങ്കെടുപ്പിച്ച് ഏകദിന രചനാശിൽ പ്പശാല, കയ്യെഴുത്ത് മാസിക പ്രകാശനം) | Sep 23- Mon | വിദ്യാരംഗം | | |
| 25 | CPTA | Sep 27 - Fri | | | |
| 26 | SRG യോഗം | Sep 30 - Moni | | | |
| 27 | തൊഴിൽ പരിശീലനം<br>(ഏഴാം ക്ലാസിലെ എല്ലാ കട്ടികളെയും പങ്കെടുപ്പിച്ച് സോപ്പ്, സോപ്പ് കവർ നിർമാണം) | Oct 1 - Tue | | | |
| 28 | ഗാന്ധിജയന്തി | Oct 2 -Wed | HI ക്ലബ്ബ് | | |
| 29 | PTA/MPTA പ്രവർത്തകസമിതി | Oct 7 - Mon | | | |
| 30 | പുസ്തകവണ്ടി<br>(സ്കൂൾ പ്രദേശത്ത് വായനയുടെ പ്രാധാന്യം പ്രചരിപ്പിക്കുകയും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കുകയും) | Oct 5- Sat | | | |
| 32 | SRG യോഗം | Oct 28 - Mon | | | |
| 32 | PTA/MPTA പ്രവർത്തകസമിതി | Nov 1- Fri | | | |
| 33 | തൊഴിൽ പരിശീലനം<br>(ആറാം ക്ലാസിലെ എല്ലാ കട്ടികളെയും പങ്കെടുപ്പിച്ച് ജാം, മിക്സ്ചർ, കാരറ്റ് ഹൽവ നിർമാണം) | Nov 15 - Sat | | | |

| | | | | | |
|---|---|---|---|---|---|
| 34 | ശിശുദിനം | Nov 14 - Thu | Lan ക്ലബ്ബ് (Mal, Urdu, Ar, San) | | |
| 35 | SRG യോഗം | Nov 25 - Mon | | | |
| 36 | സ്കൂൾ പൂന്തോട്ടനിർമാണം (വെർട്ടിക്കൽ ഗാർഡൻ, പോട്ടിംഗ് മിക്സ്ചർ എന്നിവ തയ്യാറാക്കുന്നു, ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നു.) | Nov 30 - Sat | | | |
| 37 | PTA/MPTA പ്രവർത്തകസമിതി | Dec 2 - Mon | | | |
| 38 | ക്ലാസ് ഗണിതലാബ് - ശിൽപശാല 2, 3, 4 ക്ലാസുകളിൽനിന്ന് 6 വീതം കുട്ടികളെ തിരഞ്ഞെടുത്ത് ഏകദിന ശിൽപശാല നടത്തുന്നു. ഓരോ ക്ലാസിലേക്കും 15 - 20 വീതം പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു. ക്ലാസ്സ്ഥലത്തിൽ ഗണിതലാബ് ക്രമീകരിക്കുന്നു. | Dec 7- Sat | Maths ക്ലബ്ബ് | | |
| 39 | ശ്രീനിവാസരാമാനുജൻ ദിനം | Dec 22&23 - | Maths ക്ലബ്ബ് | | |
| 40 | SRG യോഗം | Dec 20 - Fri | | | |
| 41 | PTA/MPTA പ്രവർത്തകസമിതി | Dec30-Mon | | | |
| 42 | CPTA | Jan 3 - Fri | | | |
| 43 | തൊഴിൽ പരിശീലനം (അഞ്ചാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് ക്രാഫ്റ്റ് പരിശീലനം. പേൻസ്റ്റാന്റ്, കൗതുകവസ്തുക്കൾ തുടങ്ങിയവ നിർമിക്കുന്നു.) | Jan 11- Sat | | | |
| 44 | റിപ്പബ്ലിക് ദിനം | Jan 26 - Sun | Hi ക്ലബ്ബ് | | |
| 45 | SRG യോഗം | Jan 27 - Mon | | | |
| 46 | നീന്തൽ/സൈക്കിൾ പരിശീലനം | JFeb1 Sat | | | |
| 47 | PTA/MPTA പ്രവർത്തകസമിതി | Feb 7- Fri | | | |
| 48 | Lan lab inauguration | Feb 10 - Mon | Eng ക്ലബ്ബ് | | |
| 49 | ആരോഗ്യക്ലാസ്, പോഷകാഹാരമേള ഏകദിനക്യാമ്പ് | Feb 15- Sat | | | |

| | | | | | |
|---|---|---|---|---|---|
| 50 | SRG യോഗം | Feb 24 -Mon | | | |
| 51 | ദേശീയശാസ്ത്രദിനം<br>ഔട്ട്ഡോർ സയൻസ് പാർക്ക്, ചരിത്ര മ്യൂസിയം ഉദ്ഘാടനം | Feb 25 - Tue | Sci ക്ലബ്ബ്<br>SS ക്ലബ്ബ് | | |
| 52 | PTA/MPTA പ്രവർത്തകസമിതി | Mar 4 - Mon | | | |
| 53 | പഠനോത്സവം (കുട്ടികൾ പഠനത്തെളിവുകളും ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്നു.) | Mar 8 Sat | SRG | | |
| 54 | SRG യോഗം | Mar 18 Mon | | | |

## One Day - One GK

സ്കൂളിന്റെ തനതു പ്രവർത്തനമായി ഓരോ ദിവസവും ഓരോ പൊതുവിജ്ഞാന ചോദ്യം കുട്ടികൾക്ക് നൽകും. പൊതുവായി ചാർട്ടിൽ എഴുതിയിടുന്ന ചോദ്യം കുട്ടികൾ തങ്ങളുടെ ബുക്കിൽ എഴുതിയെടുക്കുകയും തുടർന്ന് അടുത്ത ദിവസം അതിന്റെ ഉത്തരം GK Box ൽ എഴുതി ഇടുകയും ചെയ്യും. അസംബ്ലിയിൽ അതിൽ നിന്നും നറുക്കെടുത്ത് ശരിയുത്തരം എഴുതിയ ഭാഗ്യശാലിയെ ഉത്തരം പറയാൻ ക്ഷണിക്കും. ഉത്തരം ശരിയായി പറഞ്ഞാൽ അന്നത്തെ GK star ആ കുട്ടിയായിരിക്കും. കുട്ടിയെ കിരീടമണിയിച്ച് അഭിനന്ദിക്കും. Photo ഗ്രൂപ്പുകളിൽ ഇടും. മാസാവസാനം Monthly test നടത്തി winner-നെ തെരഞ്ഞെടുക്കും. സമ്മാനവും നൽകും. ഓരോ Term exam നും GK പരീക്ഷ കൂടി നടത്താനും തീരുമാനിച്ചിട്ടുണ്ട്. വളരെ വിജയകരമായി പോകുന്ന ഈ പ്രവർത്തനം തന്നെയാണ് വിദ്യാലയത്തിന്റെ ഈ വർഷത്തെ തനതു പ്രവർത്തനം.